LIBRARY ARCHIVES Kerala Legislative Assembly

(14) അട്ടപ്പാടിയിലെ ഭൂമി ഇടപാട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അട്ടപ്പാടിയിലെ ഭൂമി തട്ടിപ്പിനെ സംബന്ധിച്ച് ഈ നിയമസഭയിൽ ചർച്ച വന്നതാണ്. അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ അതിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ അട്ടപ്പാടിയിലെ ഭൂമി തട്ടിപ്പിനെക്കുറിച്ച് കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നും ഈ സഭയിൽ ആ വിവരം അറിയിക്കുമെന്നും പറഞ്ഞിട്ടുണ്ട്. നിയമസഭ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തിക്കണം എന്നുള്ളതായിരുന്നു ഞങ്ങളുടെ ആവശ്യം. പക്ഷേ അതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തയ്യാറായില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീ. ജോസഫ് എം. പുതുശ്ശേരി, ശ്രീ. സി. പി. മുഹമ്മദ് എന്നിവരും ഞാനുംചേർന്ന് ആ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ കണ്ടു കൊണ്ടിരിക്കുന്ന സംഭവങ്ങൾ നിഷ്ക്കളങ്കരായ, പാവങ്ങളായ ആദിവാസികളെ പച്ചയ്ക്ക് കബളിപ്പിച്ചിരിക്കുകയാണ്. അവിടെ ആറ് വില്ലേജ് ഓഫീസ്സുകളിലായി കേന്ദ്രീകരിച്ച് നടത്തിയിട്ടുള്ള ഭൂമി തട്ടിപ്പ്, ഭൂമാഫിയ നടത്തിക്കൊണ്ടിരിക്കുന്ന തട്ടിപ്പ്..... അത് കേന്ദ്രീകരിച്ച് നടക്കുന്ന തട്ടിപ്പ് നിസ്സാരമല്ല. അവിടെ അഹാർഡ്സ് ഉണ്ടാക്കി. അഹാർഡ്സ് ഉണ്ടാക്കിയത് എന്തിനാണ് ? അഹാർഡ്സ് ഉണ്ടാക്കിയത് അവിടെ ആദിവാസികളെ രക്ഷിക്കുന്നതിന് വേണ്ടിയാണ്. അതിനകത്തുള്ള രഹസ്യ രേഖകളാണ് ഈ ഭൂമാഫിയ വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. വിൻഡ് വെലോസിറ്റിയെക്കുറിച്ചുള്ള ഏറ്റവും ലേറ്റസ്റ്റായിട്ടുള്ള data അഹാർഡ്സിൽനിന്നാണ് അവർ സംഭരിച്ചിട്ടുള്ളത്.

ഭൂമാഫിയ പാവപ്പെട്ട ആദിവാസികളുടെ കൈയിൽ നിന്ന് ഈ ഭൂമി
11.00 AM വാങ്ങിച്ചെടുക്കുന്നു. ഇരുപത്തിയാറ് ആധാരങ്ങൾ അടിയാധാരമില്ലാതെ ഇവർ ചെയ്തുകൊടുത്തിരിക്കുകയാണ്. ആദിവാസികളുടേത് തന്നെയെന്ന് കാണുന്ന ആറ് പ്ളോട്ടുകൾ ഇവർ കച്ചവടം നടത്തിയിരിക്കുകയാണ്. അമ്പത്തിരണ്ട് ആധാരങ്ങൾ അങ്ങനെ നടന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അനങ്ങുന്നതേയില്ല. ഈ ഗവൺമെന്റിന്റെ കൂടി, ഇവിടെ മൂലഗംഗ എന്ന് പറയുന്ന ആദിവാസി ഊരിൽ മന്ത്രി ശ്രീ. എ. കെ. ബാലൻ ഒരു ദിവസം ക്യാമ്പ് ചെയ്തതാണ്. അദ്ദേഹത്തോട് പരാതിയും പറഞ്ഞതാണ്. പരാതി പറഞ്ഞിട്ടും അതിനെ കുറിച്ചുള്ള നടപടിയില്ലാതെ പോയതാണ്. അദ്ദേഹം തന്നെയാണ് ആ വിൻഡ്മിൽ ഉത്ഘാടനം ചെയ്യുന്നതിനുവേണ്ടി അവിടെ ചെന്നത്. ഈ ഭൂമി എങ്ങനെ കിട്ടി എന്നതിനെ കുറിച്ച് ആലോചിക്കണ്ടേ? അവരുടെ പരാതി കേൾക്കണ്ടേ? പാവപ്പെട്ട ആദിവാസികളുടെ നിഷ്ക്കളങ്കതയും അവരുടെ അറിവില്ലായ്മയും മുതലെടുത്തുകൊണ്ട് ഭൂമാഫിയ, ഗുജറാത്തിൽ നിന്നുള്ള മുതലാളിമാർ, പൂനെയിൽ നിന്നുള്ള മുതലാളിമാർ, അവരെല്ലാം ഭൂമി കൊണ്ടുപോകുന്നു. .....(തടസ്സം)..... തട്ടിപ്പാണ് നടന്നിട്ടുള്ളത്. ഇതിന്റെ മുഴുവൻ രേഖകളും എന്റെ കൈവശമുണ്ട്. ഇതിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ ആധാരങ്ങൾ റദ്ദാക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഈ പ്രശ്നം കൊണ്ടുവരുന്നതിനുമുമ്പ് തന്നെ 7-5-2010-ൽ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ ഭൂമി തിരിമറിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. 7-6-2010-ന് ജില്ലാ കളക്ടർ ഒറ്റപ്പാലം ആർ.ഡി.ഒ.-ക്ക് ഇത് പരിശോധിക്കുന്നതിന് നിർദ്ദേശവും കൊടുത്തു. അതിനെ തുടർന്ന് 3-7-2010-നും 9-7-2010-നും 22-7-2010-നും തെളിവെടുപ്പ് നടത്തി. ഇതിനെത്തുടർന്ന് 24-7-2010-ന് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കളക്ടർ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് അട്ടപ്പാടി ആദിവാസി ഭൂമി അനധികൃതമായി കൈമാറ്റം ചെയ്ത് തട്ടിപ്പ് നടത്തിയെന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അടിയന്തര പ്രമേയം 21-7-2010-നാണ് ഇവിടെ ചർച്ചയ്ക്ക് വന്നത്. ഇത് ജില്ലാ കളക്ടർ സമഗ്രമായ അന്വേഷണം നടത്തുകയാണെന്ന് മറുപടിയായി അന്ന് ഗവൺമെന്റിനുവേണ്ടി ഞാൻ പറഞ്ഞിരുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി ഗവൺമെന്റ് എടുക്കുമെന്ന് അറിയിച്ചിരുന്നതാണ്. അതനുസരിച്ച് കളക്ടറെ അന്വേഷണത്തിന് ചുമതലപ്പെടുത്തി. കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇന്നത്തെ എല്ലാ പത്രങ്ങളിലും റിപ്പോർട്ടുണ്ടല്ലോ (പത്രങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട്). നടപടിയെടുക്കാത്തത് ഭൂമാഫിയയെ രക്ഷിക്കുന്നതിനുവേണ്ടിയാണ്. ഇത് നീട്ടിക്കൊണ്ടുപോയി മാഫിയയ്ക്കുവേണ്ടി വാദിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : ഞാൻ ഒന്ന് പറഞ്ഞു കഴിഞ്ഞോട്ടെ. എന്റെ മറുപടി കഴിഞ്ഞിട്ടില്ലല്ലോ. സംസാരിക്കാനുള്ള ഒരവസരം കിട്ടണ്ടേ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് ചേർന്ന് അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ആരംഭിച്ചു. അടുത്ത ഇരുപത്തിയെട്ടിനാണ് ക്യാബിനറ്റ് ചേരുന്നത്. ക്യാബിനറ്റിന്റെ മുമ്പാകെ ഈ റിപ്പോർട്ട് വരും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ ഗവൺമെന്റ് ഈ സഭയ്ക്ക് നൽകുന്ന ഉറപ്പെന്താണ്? ഇത് ഡിലെ ചെയ്യിക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. എ. കെ. ബാലൻ : ഉറപ്പെന്താണെന്ന് പറഞ്ഞാൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിക്കും എന്നാണ് ഉറപ്പ്. പറയുന്നത് കേൾക്കൂ. ആ നടപടിയുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് എടുക്കുന്ന തീരുമാനം ക്യാബിനറ്റിന് ശേഷം ഇവിടെ അറിയിക്കും. അതിൽ യാതൊരു സംശയവും വേണ്ട. ഏതെങ്കിലും ഭൂമി, ഞാൻ ഉറപ്പിച്ചു പറയാം, ഒരു സെന്റ് ഭൂമി ആദിവാസിക്ക്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടതിന് ആരെങ്കിലും ഉത്തരവാദിയാണെങ്കിൽ അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരും. പിന്നെ അവരെ സംരക്ഷിക്കാൻ ആരും നടക്കേണ്ടെന്നുമാത്രമേ എനിക്ക് പറയാനുള്ളു. ഉചിതമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ആർക്കെങ്കിലും പറയാനുണ്ടെങ്കിൽ പറയുക.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് ഈ റിപ്പോർട്ടിന്റെ പുറത്ത് കർശനമായ നടപടിയെടുക്കുമെന്ന് പറഞ്ഞു. കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയം ഉന്നയിച്ചപ്പോൾ ഞങ്ങൾ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, ഇതിനെ കുറിച്ച് സമഗ്രമായ ഒരു അന്വേഷണം വേണം. ഞങ്ങൾ അന്ന് നിയമസഭാ സമിതി അന്വേഷിക്കണമെന്ന് പറഞ്ഞു. ഇപ്പോൾ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ജുഡീഷ്യൽ അന്വേഷണമെന്ന് പറയുന്നു. അത് ഗവൺമെന്റ് തീരുമാനിക്കുക. ഒന്ന്, സമഗ്രമായ അന്വേഷണം വേണം. രണ്ട്, ആദിവാസികളുടെ ഭൂമി നഷ്ടപ്പെട്ടുവെന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ തന്നെ വന്നിരിക്കുന്ന സാഹചര്യത്തിൽ ആദിവാസികളെ കബളിപ്പിച്ച് ഭൂമി കൈവശപ്പെടുത്തി അവിടെ നടത്തുന്ന എല്ലാ വിധത്തിലുള്ള നടപടികളും നിറുത്തിവയ്പ്പിക്കണം. ഈ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് തത്വത്തിൽ ശരിയാണെങ്കിൽ സമഗ്രമായ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസിക്ക് ഭൂമി നഷ്ടപ്പെട്ടുവെന്നും എഴുതിയിട്ടുണ്ട്. അതുകൊണ്ട് ഉടനടി, ഏറ്റവും വേഗത്തിൽതന്നെ ഈ രണ്ട് കാര്യം ഒന്ന് സമഗ്രമായിട്ടുള്ള അന്വേഷണം, രണ്ട് കബളിപ്പിച്ചെടുത്ത ഭൂമിയിലെ എല്ലാ നടപടികളും നിറുത്തിവയ്പ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് മേയ് മാസത്തിൽതന്നെ ഇതിന്റെ അന്വേഷണം നടത്തി. നമ്മുടെ ആക്ട് അനുസരിച്ച് തന്നെ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് - ആർ.ഡി.ഒ. അതിന്റെ അധികാരമുള്ള ഉദ്യോഗസ്ഥനാണ്. കഴിഞ്ഞ രണ്ട് മൂന്ന് ആഴ്ചയായി മുഴുവൻ ഉദ്യോഗസ്ഥന്മാരും അവിടെ കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണം നടത്തുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് ഞങ്ങൾക്ക് ലഭിച്ചത്. ആ റിപ്പോർട്ട് അഞ്ചാറ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുവരുന്നതാണ്. സമഗ്രമായി ഞങ്ങൾ ഇന്നും നാളെയുമൊക്കെയായി പരിശോധിക്കും. എല്ലാ നടപടികളും പാലിച്ചുകൊണ്ട് 28-ാം തീയതി മന്ത്രിസഭ അത് ചർച്ച ചെയ്ത്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞതുപോലെ സമഗ്രമായ അന്വേഷണവും അന്യാധീനപ്പെട്ടുപോയ അല്ലെങ്കിൽ നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കുന്നതിനും ആരൊക്കെ ഇതിൽ കുറ്റവാളികളാണ് ഇതിൽ ബന്ധപ്പെട്ടിട്ടുള്ളവരുടെയെല്ലാം പേരിൽ കർശനമായ നടപടി ഉണ്ടായിരിക്കും എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly